# 6
# ഹൃദയം

ദിവസേനയുള്ള നടപ്പിനെ സംബന്ധിച്ചു ഇതുമാത്രമാണ് ദിവസേന ചോദിക്കേ ചോദ്യം: "എന്റെ ഹൃദയം ദൈവത്തിനു യോജിച്ചതാണോ?" പ്രശ്നത്തിന്റെ പ്രധാന വിഷയം ഹൃദയമാണ്. നമ്മുടെ ഉള്ളിലുള്ളതുമായി താരതമ്യപ്പെടുത്തിയാൽ നമ്മുടെ പിന്നിലും മുന്നിലുമുള്ളത് നിസ്സാരമായ കാര്യങ്ങളാണ്. "ഹൃദയപ്രവൃത്തി" എന്നത് പ്രയാസമുള്ളതാണ്. "സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക, ജീവന്റെ ഉത്ഭവം അതിൽനിന്നല്ലൊ ആകുന്നത്" (സദൃശവാക്യങ്ങൾ 4:23). ക്രിസ്ത്യാനിത്വം ഒരു പ്രാധാന്യമുള്ള മതമാണ്. എങ്ങനെയായാലും, യെഹൂദ മതത്തിലും ക്രിസ്ത്യാനിത്വത്തിലും ഉള്ള അടിസ്ഥാനഘടകം ഹൃദയമാണ് (നോക്കുക ആവർത്തന പുസ്തകം 6:5; മത്തായി 22:36–38). ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും (മത്തായി 5:8). ഹൃദയം നന്നായിരുന്നാൽ മാത്രമേ മനുഷ്യർ നന്നാകുകയുള്ളൂ (ലൂക്കൊസ് 6:45). ശൗലായിരുന്നില്ല, ദാവീദായിരുന്നു, ദൈവത്തിനു ബോധിച്ച ഹൃദയമുള്ളവൻ (1 ശമുവേൽ 13:14; പ്രവൃത്തികൾ 13:22). "ആജ്ഞയുടെ ഉദ്ദേശമോ ശുദ്ധഹൃദയം നല്ല മന സാക്ഷി നിർവ്യാജവിശ്വാസം എന്നിവയാൽ ഉളവാകുന്ന സ്നേഹം തന്നെ" (1 തിമൊഥെയോസ് 1:5). പാപികൾക്ക് ഒരു പുതിയ ഹൃദയം ആവശ്യമാണ് – മാറ്റി വെച്ച ഹൃദയം (2 കൊരിന്ത്യർ 5:17; യിരെമ്യാവ് 31:33; യെഹെസ്ക്കേൽ 11:19; 36:26).

മനുഷ്യൻ പുറമെ കാണുന്നതനുസരിച്ചു വിധിക്കുന്നു; ദൈവമോ ഹൃദയത്തെ നോക്കുന്നു (1 ശമുവേൽ 16:6, 7). ഹൃദയം വ്യക്തിയെ സൂചിപ്പിക്കുന്നു. മൃഗങ്ങൾക്ക് ഉള്ളതായി തിരുവെഴുത്തിൽ പറഞ്ഞിട്ടില്ലാത്തത് ഹൃദയം മാത്രമാണ്. നാം നമ്മുടെ ഹൃദയത്തെ സൂക്ഷിക്കണം: "ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമവുമുള്ളത്; അതു ആരാഞ്ഞറിയുന്നവൻ ആർ?" (യിരെമ്യാവ് 17:9); "ദൈവമേ, എന്നെ ശോധന ചെയ്തു, എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ" (സങ്കീർത്തനങ്ങൾ 139:23). സാത്താൻ ഹൃദയങ്ങളിൽനിന്നു സുവിശേഷം എടുത്തുകളയുന്നു (മത്തായി 13:19-ലെ "വിതെക്കുന്നവന്റെ ഉപമ" നോക്കുക). നമ്മുടെ ഹൃദയങ്ങളിൽ ക്രിസ്തുവിന്റെ സമാധാനം വാഴുന്നു എന്നാണ് പൗലൊസ് പറഞ്ഞത് (കൊലൊസ്യർ 3:15). ദൈവഹൃദയത്തെ ദുഃഖിപ്പിക്കുന്നതുനമ്മുടെ ഹൃദയങ്ങളെയും ദുഃഖിപ്പിക്കുന്നതാകണം. ക്രിസ്ത്യാനികൾക്ക് ഓരോ ദിവസവും "കത്തിക്കൊരിരിക്കുന്ന ഹൃദയം" ആവശ്യമാണ് (ലൂക്കൊസ് 24:32 നോക്കുക).

ഇന്നു "ഹൃദയം" "ഉള്ളിൽ" ആണ്. ഹൃദയത്തെ കുറിച്ച് ചെറിയ ഗവേഷണം മാത്രമാണ് നടത്തിയിട്ടുള്ളത് എങ്കിലും, "ഹൃദയം" മുഖ്യ പ്രശ്നം ആണെന്ന് എല്ലാവരും സമ്മതിക്കും. ഇരുപതാം നൂറ്റാിൽ ഹൃദയത്തെ കുറിച്ച് "പ്രത്യേക"മായി എഴുതിയ ഒരു പുസ്തകവും ഉായിരുന്നില്ല! നാം അതിനെകുറിച്ച് സംസാരിക്കുമെങ്കിലും, അതിനെ ഗൗരവമായി കണക്കാക്കിയിട്ടില്ല. നാം വൈകാരിക "അനുഭവങ്ങൾ" ആഗ്രഹിക്കുന്നു, പക്ഷെ "ഹൃദയത്തിൽ കുത്തുകൊള്ളുവാനോ," അല്ലെങ്കിൽ മാനസാന്തരപ്പെടുവാനോ താല്പര്യപ്പെടുന്നില്ല (പ്രവൃത്തികൾ 2:36–38). "ഹൃദയത്തെ" പഠിച്ചു അതിനനുസരിച്ചു

ജീവിക്കേത് അത്യാവശ്യമാണ്. നമുക്ക് ഓർത്തോഡോക്സി (ശരിയായ ഉപദേശം) യും ഓർത്തോപ്രോക്സി (ശരിയായ ജീവിതം) യും ആവശ്യമാണ്. തിരുവെഴുത്തും അറിവും കൂടാതെ, നാം ഹൃദയത്തെ നിഗൂഢതയിലേക്കും, അന്ധവിശ്വാസത്തിലേക്കും, വിഗ്രഹാരാധനയിലേക്കും തരം താഴ് ത്തുന്നു.

അതുകൊു, നമുക്ക്, ഹൃദയത്തെ കുറിച്ചു പഠിക്കാം! തിരുവെഴു ത്തിൽ കുറഞ്ഞത് 822 പ്രാവശ്യം ഹൃദയത്തെകുറിച്ചു സൂചിപ്പിച്ചിരി ക്കുന്നതായി ഞാൻ വായിച്ചിട്ടു്. അടിക്കടിയുള്ള ആ ഉപയോഗം അതിന്റെ വലിയ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. ആ തിരുവെഴുത്തുകൾ ഹൃദയത്തിന്റെ മൂന്നു മുഖ്യ ഉപയോഗത്തെ വെളിപ്പെടുത്തുന്നു: (1) വിചാരം, (2) ഇഷ്ടം, (3) വികാരം. നമ്മുടെ സംസ്ക്കാരത്തിനും മൂഢമായ ചിന്തക്കും വിപരീതമായി, ഹൃദയത്തിന്റെ പ്രധാന പ്രവൃത്തി വൈകാരികമല്ല. ചില ഉപയോഗങ്ങൾ ശ്രദ്ധിക്കുക: (1) ചിന്ത, 204 പ്രാവശ്യം; (2) ഇഷ്ടം, 195 പ്രാവശ്യം; (3) വികാരം, 166 പ്രാവശ്യം.

എബ്രായഭാഷയിൽ മനസിനു വേറെ വാക്കില്ല. ഹൃദയമാണ് ചിന്തിക്കുന്നതും, വിവേചിക്കുന്നതും, വിശ്വസിക്കുന്നതും. "അവൻ തന്റെ മനസിൽ കണക്കു കൂട്ടുന്നതുപോലെ, ആകുന്നു" (സദൃശവാക്യങ്ങൾ 23:7; കെജെവി). ഓരോ ദിവസത്തെയും നമ്മുടെ നടപ്പിന്റെ ലക്ഷ്യം ജ്ഞാനമുള്ള ഹൃദയം പ്രാപിക്കുക എന്നതാണ് (സങ്കീർത്തനങ്ങൾ 90:12). പ്രമാണങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ എഴുതിയിരിക്കുന്നു (യിരെമ്യാവ് 31:33). സ്വഭാവം മനസിലാക്കുക എന്നതാണ് ഹൃദയത്തിന്റെ പ്രബലമായ പ്രവർത്തി. ശലോമോൻ അനേകം ഭാര്യമാരെ സ്നേഹിച്ചു; അവർ കാരണം അവന്റെ ഹൃദയം അകന്നുപോയി (1 രാജാക്കന്മാർ 11:1–4). ശലോമോന്റെ ഹൃദയം ദൈവത്തിൽനിന്നകന്നപ്പോൾ, അവന്റെ ഹൃദയം അന്യദേവന്മാരിലേക്കു തിരിഞ്ഞു. അതു വെറും മോഹം മാത്രമായിരുന്നില്ല; ശലോമോനു ധാർമ്മികജ്ഞാനം നഷ്ടമായി. ലോകത്തിലെ ഏറ്റവും ജ്ഞാനിയായ മനുഷ്യനു തന്റെ ജ്ഞാനം നഷ്ടമായി! യുവരാജാവായി, ശലോമോൻ ദൈവത്തോടു യാചിച്ചതു വിവേകമുള്ള ഹൃദയമായിരുന്നു (1 രാജാക്കന്മാർ 3:5–10). ശലോമോനു പിന്നീട് ആ വിവേകം നഷ്ടമായി.

വസ്തുതയും (സത്യം), പിന്നെ വിശ്വാസവും, അതിനെ തുടർന്നു വികാരവുമാണുള്ളത്. വികാരം വസ്തുതയെയോ വിശ്വാസത്തെയോ നിർണ്ണയിക്കുന്നതാകരുത്. എങ്ങനെയായാലും, വിവേകം യുക്തിയേക്കാൾ വളരെ വിസ്തൃതവും ആഴവുമുള്ളതാണ്. കാര്യകാരണസഹിതം പറയുന്നതിന്റെ തീർച്ചപ്പെടുത്തലല്ല വിശ്വാസം. തലയിൽ തൊട്ടുകൊു നിങ്ങൾക്ക് ഹൃദയത്തെ മാറ്റുവാൻ സാധ്യമല്ല. നാം തലയെയല്ല, ഹൃദയത്തെയാണ് സൂക്ഷിക്കേത്. തിരഞ്ഞെടുത്ത ചോദ്യങ്ങൾക്കുള്ള ശരിയായ ഉത്തരത്തേക്കാൾ പ്രാധാന്യം മനോഭാവത്തിനു്. ഹൃദയത്തെ ശരിയാക്കിയാൽ മാത്രമേ നമ്മുടെ തലയെ ശരിയാക്കുവാൻ സാധിക്കൂ. "എന്റെ ഹൃദയം ദൈവത്തോടു ശരിയായിട്ടാണോ ഇരിക്കുന്നത്?" എന്നു, നിങ്ങളോടു തന്നെ ചോദിക്കുക.

> അവന്നു ദരിദ്രനായ ഞാൻ എന്തു നല്കും?
> ഞാൻ ഒരു ഇടയൻ ആയിരുന്നുവെങ്കിൽ, ഒരാടിനെ നൽകുമായിരുന്നു,
> ഞാൻ ഒരു ജ്ഞാനി ആയിരുന്നുവെങ്കിൽ, ഞാൻ എന്റെ പങ്കു നിർവ്വഹിക്കുമായിരുന്നു, –
> എന്നാൽ അവന് എന്തു നൽകുവാൻ എനിക്കു കഴിയും, എന്റെ ഹൃദയം നൽകും.[1]

# പ്രായോഗികം

## ഫിലിപ്പിയർ 4:4-13

> "യഹോവയുടെ പർവ്വതത്തിൽ ആർ കയറും? അവന്റെ വിശുദ്ധസ്ഥലത്ത് ആർ നിൽക്കും? വെടിപ്പുള്ള കയ്യും നിർമ്മലഹൃദയവുമുള്ളവൻ, വ്യാജ ത്തിനു മനസുവെക്കാതെയും *കള്ളസത്യം ചെയ്യാതെയുമിരിക്കുന്നവൻ*" (സങ്കീർത്തനങ്ങൾ 24:3, 4).

ഉറച്ച വിശ്വാസവും, അതിരില്ലാത്ത പ്രത്യാശയും, നിലയ്ക്കാത്ത സ്നേഹ വുമാണ് നാം എല്ലാവരും ആഗ്രഹിക്കുന്നത്. ദൈവവുമായി സമൃദ്ധവും, സ്ഥിര വും, പ്രാർത്ഥനാ-നിർഭരവുമായ ബന്ധം ഉാകുവാനാണ് നാം താല്പര്യ പ്പെടുന്നത്. നമ്മിൽ മിക്കപേരും "ഓടുന്നതു ശൂന്യതയിലാണ്." *ദിവസേന!* ജീവിതം എന്നേക്കുമായി ദിവസേനയുള്ളതാണ്. ദിവസേന എന്നതു നിസാര വും ... അതേസമയം പ്രയാസമുള്ളതുമാണ്! നമ്മെ മിക്കവാറും അലോസര പ്പെടുത്തുന്നത് എന്താണ്? "കണ്ണാടിയിലെ മനുഷ്യൻ." *ദിവസേന!* പെട്ടെന്നു ാകുന്ന വിപത്തുകൊു നഷ്ടമാകുന്നതല്ല നമ്മുടെ ആത്മിയത; നമുക്ക് അത് നഷ്ടമാകുന്നത് ദിവസേന, കുറേശെയായിട്ടാണ്. ആരോഗ്യമുാകു ന്നത് വിലപിടിപ്പുള്ള, ഉയർന്നതരം ഗുളികകളാലല്ല; ആരോഗ്യം ഉാകുന്നത് ശരിയായ ആഹാരത്താലും, ഉറക്കത്താലും, വ്യായാമത്താലുമാണ് ... അതു *ദിവസേനയുള്ളതാണ്!* ദിവസേനയുള്ള ജീവിതദിനചര്യകൾക്കിടയിൽ, വളർത്തിയെടുക്കുന്നതാണ് ആത്മിയത. ദൈവസ്വഭാവം തന്നെ അച്ചടക്കമാണ്. അച്ചടക്കം ദിവസേനയുള്ളതാണ്. ആഹാരം പരാജയപ്പെടുന്നില്ല; നാം ആഹാ രത്തെയാണ് പരാജയപ്പെടുത്തുന്നത്. പങ്കാളികളായി, മാതാപിതാക്കളായി, അല്ലെങ്കിൽ ജോലിക്കാരായിട്ടല്ല നാം പരാജയപ്പെടുന്നത്; നാം പരാജയപ്പെടു ന്നത് വ്യക്തികളെന്ന നിലയിലാണ്. അതിന് കുറുക്കുവഴികളോ, ശക്ത മായ-അത്ഭുതപ്രകടനങ്ങളോ, സൂത്രങ്ങളോ ഇല്ല. വളർച്ച ദിവസേനയുള്ളതാ ണ്. വ്യാജമായ ആത്മിയതക്ക് വളർച്ചയെ കുറിച്ചുള്ള വേദശാസ്ത്രമില്ല. നാം ഒഴിഞ്ഞുമാറുന്നതിൽ വിദഗ്ധരാണ്; എന്നാൽ സഹിക്കുന്നതിൽ നാം പുറ കോട്ടാണ്. സ്ഥിരോത്സാഹം ദിവസേനയുള്ളതാണ്. ജീവിതം ഒരു "യക്ഷി ക്കഥ" അല്ല; നാം "അതിനുശേഷം എന്നേക്കും സന്തോഷത്തോടെ ജീവിക്കു ന്നവർ" "അല്ല." ഈ "ആദ്യം" എന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക:

> നിങ്ങളുടെ ഹൃദയത്തിൽ *ആദ്യ സ്ഥാനം* ദൈവത്തിനു കൊടുക്കുക.
> ഓരോ തീരുമാനത്തിലും *ആദ്യ പരിഗണന* ദൈവത്തിനു നൽകുക.
> ദിവസത്തിന്റെ *ആദ്യ മണിക്കൂർ* ദൈവത്തിനു നൽകുക.
> ആഴ്ച്ചയുടെ *ആദ്യ ദിവസം* ദൈവത്തിനു നൽകുക.
> നിങ്ങളുടെ ശമ്പളത്തിലെ *ആദ്യഭാഗം* ദൈവത്തിനു നൽകുക.

കൂടുതൽ ഉറപ്പുള്ള ജീവിതത്തിലേക്കും, കൂടുതൽ അനുസരണമുള്ള ജീവി തത്തിലേക്കും, കൂടതൽ ഫലപ്രദമായ ജീവിതത്തിലേക്കും യേശു നമ്മെ വിളിക്കുന്നു ... *ദിവസേന!* വിശുദ്ധചിന്തയും, വിശുദ്ധ മനോഭാവവും, വിശു

ദ്ധശീലങ്ങളും നാം വളർത്തിയെടുക്കണം. അതു ാകുന്നതു ബൈബിൾ പഠനം, പ്രാർത്ഥന, ഉപവാസം, നിർജ്ജനപ്രദേശവാസം, ലാളിത്യം, നന്ദി, ആഘോഷം, ഏറ്റുപറച്ചിൽ എന്നിവയിൽ നിന്നാണ് ... *ദിവസേന!* ദൈവം ഇല്ലെങ്കിൽ ജീവിതം അർത്ഥശൂന്യമാണെന്ന നിലയിൽ വേണം നാം ജീവിക്കുവാൻ! നമുക്കുവേി വേറെ ആർക്കും നടക്കാൻ സാധിക്കുകയില്ല. നമുക്ക് വേി നാം തന്നെ നടക്കണം. ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധം നാം തന്നെ വളർത്തി എടുക്കണം.

**ബൈബിൾ**

ദിവസേനയുള്ള ബൈബിൾ പഠനം ഒഴിച്ചുകൂടാനാവാത്തതാണ്. ദൈവം ദൈവവും (അവൻ ദൈവമാണ്) മനുഷ്യൻ മനുഷ്യനുമാണെങ്കിൽ (അവൻ മനുഷ്യനാണ്), പിന്നെ ദൈവം സംസാരിക്കുമ്പോൾ, മനുഷ്യൻ ശ്രദ്ധിക്കുക തന്നെ വേണം. നമുക്ക് ഊഹാപോഹമല്ല, തെളിവാണ് ആവശ്യം. ദൈവത്തിനു നമ്മോടു സംസാരിക്കുന്നതു നമുക്ക് ദൈവത്തോടു സംസാരിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ള കാര്യമാണ്. ബൈബിൾ ദൈവശ്വാസിയവും (ദൈവം-ശ്വസിച്ച), തീർച്ചയുള്ളതും, ആധികാരികവുമായ ദൈവവചനമാണ്. "അതു എഴുതപ്പെട്ടിരിക്കുന്നതാണ്"; "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു"; "യഹോവയിൽ നിന്നു ഏതെങ്കിലും വാക്ക് ഉോ?" ദൈവം എന്തു ചിന്തിക്കുന്നു, എന്തു പറയുന്നു എന്നതു മാത്രമാണ് കാര്യമായുള്ളത്. ഈ ചോദ്യത്തിനാണ് ഉത്തരം നൽകേത്: "ബൈബിൾ ദൈവത്തിന്റെ വചനമാണോ?" അങ്ങനെ അല്ലെങ്കിൽ, ഭൂമിയിൽ വെളിപ്പാടില്ല, അധികാരമില്ല, നിത്യമായ ഒരു നിലവാരവുമില്ല. അങ്ങനെ ആയിരുന്നുവെങ്കിൽ, തികഞ്ഞ സത്യം എന്നൊന്നില്ല എന്നു ആധുനിക സംശയാലുക്കൾ പറയുന്നത് ശരിയാകുമായിരുന്നു. അങ്ങനെ വരുമ്പോൾ ലോകം തന്നെ അർത്ഥശൂന്യമായ, വിലയില്ലാത്ത, അല്ലെങ്കിൽ ലക്ഷ്യമില്ലാത്തതാകും. നിത്യമായ വിലയോ പ്രാധാന്യമോ ഉള്ള ഒന്നും കാണുകയില്ല. ബൈബിൾ ദൈവവചന*മാണ്* എങ്കിൽ, അതു അതിശയകരമായ അനുഗ്രഹങ്ങളെയും പ്രാധാന്യമുള്ള ഉത്തരവാദിത്വങ്ങളെയും നൽകുന്നു. ഒരു ബൈബിൾ നാം കയ്യിൽ പിടിക്കുമ്പോൾ നമ്മുടെ കൈകളും ഹൃദയങ്ങളും വിറെക്കണം (യെശയ്യാവ് 66:1, 2). ബൈബിൾ ബൈബിളാണെങ്കിൽ, നാം വചനത്തിൽ ദൈവത്തെ മനസ്സിലാക്കണം. നമ്മുടെ ദിവസേനയുള്ള നടപ്പിന്റെ അന്തിമാധികാരി ബൈബിളാണ്. നാം വചനത്തിന്റെ യജമാനന്മാരല്ല, ദാസന്മാരായി തീരണം. നാം "ബൈബിൾ സ്നേഹിക്കുന്നവർ" ആകണം. നാം സ്വീകരിച്ചാലും ഇല്ലെങ്കിലും - ബൈബിൾ എന്നത് ദൈവത്തിന്റെ വചനം ആണ്!

ദിവസേനയുള്ള ബൈബിൾ പഠനം നാം ഉപേക്ഷിക്കുന്നത് എന്തുകൊാണ്? ഒരുപക്ഷെ അതായിരിക്കാം നാം ക്രിസ്തീയജീവിതം നടക്കുവാൻ പരിശ്രമിക്കുന്നതിൽ ഉള്ള നമ്മുടെ ഏറ്റവും വലിയ പരാജയം. "ഒരിക്കലും വായിക്കാത്ത ഏറ്റവുമധികം വില്ക്കപ്പെടുന്ന'' പുസ്തകം എന്നു ബൈബിളിനെ പറഞ്ഞിരിക്കുന്നു. അമേരിക്കയിൽ പത്തിൽ ഒമ്പതു വീടുകളിലും ബൈബിൾ ഉള്ളതായി കാണാം, എങ്കിലും അമേരിക്ക "ബൈബിൾപരമായി വിദ്യാഭ്യാസരഹിത" രാജ്യമാണ്. ബൈബിൾ വൈകാരികമായി നാം മുറുകെ പിടിക്കുമ്പോഴും അതിന്റെ പ്രവർത്തനഫലം ജീവിതത്തിൽ ഉാകുവാൻ അനുവദിക്കുന്നില്ല. സഭക്കു ലോകത്തിനു നല്കുവാൻ ദൃശ്യമായതു ബൈബിൾ മാത്രമാണ് (2 തിമൊഥെയൊസ് 3:16). ബൈബിൾ അജ്ഞതയെ

ആമോസ് "ദേശത്ത് ക്ഷാമം" ആയിട്ടാണ് പറഞ്ഞിരിക്കുന്നത് (ആമോസ് 8:11). "പരിജ്ഞാനമില്ലാതെ" ദൈവജനം നശിച്ചുപോകുന്നു (ഹോശേയ 4:6). ഇന്നു ആത്മിയതു "ഉള്ളിൽ" ഉാകുമ്പോഴും, അഗാധമായ ബൈബിൾ പഠനം "പുറത്തു" തന്നെയാണ്. വിവിധ തരത്തിലുള്ള ഉപയോഗശൂന്യമായ ആത്മിയപോഷണമാണ് നമുക്കുള്ളത്. ദൈവമുമ്പാകെ വചനവിരുദ്ധമായി ജീവിക്കുന്നതിനേക്കാൾ മനുഷ്യരുടെ മുൻപിൽ "രാഷ്ട്രീയമായി ശരിയല്ലാതെ" ജീവിക്കുന്നതിനെയാണ് പലരും ഭയപ്പെടുന്നത്. പലപ്പോഴും നമ്മുടെ മതം അതിന്റെ തനിമ നഷ്ടപ്പെടുത്തുന്നു. ആത്മാർത്ഥതയെക്കാൾ പുതുമയിൽ താല്പര്യമുള്ള വേദശാസ്ത്രം മേന്മ അർഹിക്കുന്നില്ല. നമ്മുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ല. "ഒരു പുസ്തകം" ഉള്ള ജനമാണ് ക്രിസ്ത്യാനികൾ. നാം വചനത്താൽ ജനിക്കപ്പെട്ടവരാണ്; നാം വചനത്താൽ വളരുന്നു. ദൈവപരിജ്ഞാനമുള്ള ബൈബിൾ കൂടാതെ ആത്മിയമായി ആഴത്തിലെത്താൻ സാധ്യമല്ല. ദിവസേനയുള്ള നടപ്പ് "വചനത്തിൽ-കേന്ദ്രീകരിച്ചു" കൊുള്ളതാണ്.

ക്രിസ്തുവിൽ ശിശുക്കളായവർക്ക് ആഹാരം ആവശ്യമാണ് (എബ്രായർ 5:12–14; 1 കൊരിന്ത്യർ 3:1–3; 1 പത്രൊസ് 2:1–3). ആത്മാവിനു ദൈവം-നൽകുന്ന ആഹാരത്തിന്റെ ഏക ഉറവിടം ബൈബിൾ ആണ്. പരിജ്ഞാനത്തെ വർദ്ധിപ്പിക്കുവാനല്ല മറിച്ച് നമ്മുടെ ജീവിതത്തെ മാറ്റുവാനും രൂപപ്പെടുത്തുവാനുമാണ് ബൈബിൾ നൽകിയിരിക്കുന്നത്. കാലാവസ്ഥാ മുന്നറിയിപ്പുപോലെ ബൈബിളിനെ കണക്കാക്കരുത്! വ്യക്തിപരമായ വളർച്ചയുടെ ചിന്തയെ കുറിച്ചു നാം ആശ്ചര്യപ്പെടാറ്റ്, എങ്കിലും അതു നേടുന്നതിൽ നാം പരാജയപ്പെടുന്നു കാരണം അതു വേദനയുളവാക്കുന്നതും, വിലയുള്ളതുമാണ്. എന്റെ ദിവസേനയുള്ള നടപ്പിന്റെ പൊള്ളത്തരത്തിൽ എനിക്ക് ലജ്ജ തോന്നിയിട്ടു്. ഞാൻ ബൈബിൾ തുറക്കുമ്പോൾ, എന്റെ അറിവു എത്ര കുറവാണെന്നുള്ളത് എന്നെ ഭയപ്പെടുത്തുന്നു! ആത്മിയമായ ആരോഗ്യവും പക്വതയും നൽകുവാൻ ആ *പുസ്തക*ത്തിനു മാത്രമേ കഴിയൂ. ഞാൻ അനുഗ്രഹിക്കപ്പെട്ടിട്ടു്. തൊട്ടിൽ മുതൽ, ബൈബിൾ എന്റെ ജീവിതത്തിന്റെ പുസ്തകമായി തീർന്നിട്ടു്.

നാം വളർച്ച പ്രാപിക്കുമ്പോൾ, പാലിൽനിന്നു മാംസത്തിലേക്ക് എന്നതുപോലെ നീങ്ങണം. ശിശുക്കൾക്കുള്ള അസാധാരണ ഭക്ഷണ പദാർത്ഥമാണ് പാൽ, പക്ഷെ പ്രായപൂർത്തിയായവരെ അതു നിലനിർത്തുകയില്ല. നാം "പാൽ കുടിക്കുന്നതിൽനിന്നും" "മാംസം ഭക്ഷിക്കുന്നതിലേക്കു" പുരോഗമിക്കുന്നു. നാം "അക്ഷരത്തിൽ" നിന്നു "ആത്മാവി"ലേക്ക് പോകുന്നു. നന്മയും തിന്മയും വിവേചിച്ചറിയുവാൻ നാം ശീലിക്കുന്നു. ഒരു വ്യക്തിയുടെ ബൈബിൾ എന്നത് അയാൾ എങ്ങനെ ജീവിക്കുന്നു എന്നതാണ്. അതിനാൽ ജീവിതത്തോടൊപ്പവും മരണത്തോടൊപ്പവും ഉാകേ പുസ്തകമാണ് ബൈബിൾ. ആത്മാവിനുള്ള ആഹാരം, ദിവസേന നൽകുവാൻ സമയം കത്തെുക.

ബൈബിൾ വിസ്തൃതമായി വായിക്കുകയും, ആഴത്തിൽ പഠിക്കുകയും ചെയ്യുക. വിശ്വാസയോഗ്യമാകുവാൻ, ഒരാൾ നിത്യമായതു പഠിപ്പിക്കണം. ആളുകൾ മറ്റുപുസ്തകങ്ങളെപോലെയാണ് ബൈബി ളിനെയും കരുതുന്നതെങ്കിൽ, അവർ ഒരിക്കലും ഒന്നും പഠിക്കുകയില്ല. ബൈബിളുമായി *ആരംഭിക്കുക* ... ബൈബിളിൽ *ആയിരിക്കുക* ... ബൈബിളിൽ *തന്നെ ആയിരിക്കുക*. ഏതൊരു മതത്തെയും അടിസ്ഥാനപരമായി പരിശോധിക്കുന്ന ചോദ്യങ്ങൾ അതിന്റെ അധികാര ത്തെയും, അടിസ്ഥാനത്തെയും, ചരിത്രത്തെയും സംബന്ധിക്കുന്നതാണ്.

“... ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറികയും ചെയ്യുന്നതുകൊു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ, ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേതിന്നു; ഉപദേശത്തിന്നും, ശാസനത്തിന്നും, ഗുണീകരണത്തിന്നും, നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു” (2 തിമൊഥെയൊസ് 3:15-17).

പൗലൊസ് നമ്മോടു ബൈബിൾ നമ്മെ പഠിപ്പിക്കുന്നതായി പറഞ്ഞത് (1) എങ്ങനെ രക്ഷിക്കപ്പെടാമെന്നും, (2) എങ്ങനെ വളരാമെന്നും, (3) എങ്ങനെ ഉപയോഗമുള്ളവരാകാം എന്നുമാണ്. ബൈബിൾ പ്രായോഗികമാണ്. ദിവസേന ഇരുപത്തി-അഞ്ചു അദ്ധ്യായം വായിക്കുക എന്നതാണ് എന്റെ രീതി. അങ്ങനെ എനിക്കു പഴയനിയമം മൂന്നു പ്രാവശ്യവും പുതിയനിയമം അഞ്ചോ ആറോ പ്രാവശ്യവും വർഷത്തിൽ വായിക്കുവാൻ സാധിക്കുന്നു. “... നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി, കർത്താവിന്നു യോഗ്യമാംവണ്ണം നടന്നു, സകല സൽപ്രവൃത്തിയിലും ഫലം കായിച്ച് ദൈവത്തെകുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണം” (കൊലൊസ്യർ 1:10).

**പ്രാർത്ഥന**

ദിവസം തോറും,
പ്രിയകർത്താവേ, മൂന്നു കാര്യങ്ങൾ നിന്നോടു യാചിക്കുന്നു:
നിന്നെ കൂടുതൽ വ്യക്തമായി കാണുവാനും,
നിന്നെ കൂടുതൽ പ്രിയമായി സ്നേഹിക്കുവാനും,
നിന്നോടു കൂടുതൽ അടുത്തു നടക്കുവാനും,
ദിവസം തോറും. ആമേൻ.[2]

പ്രാർത്ഥനയെകുറിച്ചുള്ള എന്റെ കഴിഞ്ഞ പാഠത്തിലെ ആദ്യ പ്രസ്താവന പറയുന്നത്, “ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല ... ദൈവത്തിലാണ് വിശ്വസിക്കുന്നത്; അതുകൊ്, ഞാൻ പ്രാർത്ഥിക്കുന്നു.” അതു ഇന്ദ്രജാലത്തെയും, അന്ധവിശ്വാസത്തെയും, സ്വാധീനത്തെയും ഇല്ലാതാക്കുന്നു. ക്രിസ്തീയ വളർച്ചക്കുള്ള കല്പനയാണ് ദിവസേനയുള്ള ബൈബിൾ പഠനവും പ്രാർത്ഥനയും. അവ നമ്മുടെ മിക്കപ്രശ്നങ്ങളെയും പരിഹരിക്കുന്നു. പ്രാർത്ഥന ശരിയാകുമ്പോൾ, എല്ലാം ശരിയാകുന്നു. പ്രാർത്ഥന നിസഹായതയാണ്. ദൈവത്തോടുള്ള മനുഷ്യന്റെ ആത്മാർത്ഥമായ വിലാപമാണ് പ്രാർത്ഥന. സഭയുടെ വളർ ച്ചക്കു നമുക്ക് “പുതിയ ആശയങ്ങൾ” ആവശ്യമില്ല; നമുക്ക് ആവശ്യം ദൈവവും അവന്റെ ഹിതവുമാണ്. പ്രാർത്ഥിക്കാതിരിക്കുന്നതാണ് നമ്മുടെ ഏറ്റവും വലിയ പാപം. മറ്റുള്ളവയെ പോലെ, നാം പ്രാർത്ഥ നയിൽ കൂടിയാണ് പ്രാർത്ഥിക്കുവാൻ ശീലിക്കുന്നത്. വാചാലമായി പദ്യം ചൊല്ലലല്ല പ്രാർത്ഥന. മറ്റുള്ളവരെ സ്വാധീനിക്കേതിനായിരിക്കരുത് പ്രാർത്ഥന. നിങ്ങൾ കഴിയുന്നിടത്തോളം മുട്ടിന്മേൽ മാത്രം നില്ക്കുക.

എന്റെ പുസ്തകം ഞാൻ എഴുതിയപ്പോൾ, മൂന്നു ഭയങ്കര സത്യം ഞാൻ

പഠിച്ചു:

എനിക്ക് ദൈവത്തോടു സംസാരിക്കാം.
നിങ്ങളെകുറിച്ച് എനിക്ക് ദൈവത്തോടു സംസാരിക്കാം.
നിങ്ങൾക്കു വേി പ്രാർത്ഥിക്കാമെന്നതാണ് എനിക്ക് നിങ്ങളോടു ചെയ്യാവുന്ന ഏറ്റവും വലിയ കാര്യം.

എന്റെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ചുകൊിരിക്കുന്നു! അത്തരം അറിവ് എനിക്ക് അത്ഭുതമാണ്. എന്തുകൊ് നാം അധിക മായി പ്രാർത്ഥിക്കുന്നില്ല?

മതപരമായി, രുകാര്യങ്ങൾ, ''നിലവിലുള്ളത്'': (1) ദൂതന്മാർ (2) പ്രാർത്ഥന. നിർഭാഗ്യവശാൽ, അവരുടെ അപേക്ഷ ആകർഷണവും, ആകുലതയും, അന്ധവിശ്വാസവുമായിതീരുന്നു. സഭ ഇന്നു പ്രാർത്ഥന ഒഴിച്ച് മറ്റെല്ലാം ചെയ്യുന്നു്. അതെ, "പ്രാർത്ഥനാദിവസം" എന്നു വിളിക്കുന്ന ഒരു ദിവസം പോലും നമുക്കുായിരിക്കാം, പക്ഷെ നമ്മുടെ മദ്ധ്യവാര കൂടിവരവ് ഒരു "പ്രാർത്ഥനായോഗ കൂടിവരവ്" ആകുന്നില്ല. നമ്മുടെ "വലിയ ഞായറാഴ്ച്ചകളും" പ്രാർത്ഥനയിൽ അധിഷ്ഠിതമല്ല. സഭയിൽ യേശുവിനു ഒരു കൂട്ടത്തെ പോലും ലഭിക്കാതിരിക്കുന്നത് സങ്കടകരമാണ്! നിങ്ങളുടെ പ്രാർത്ഥനാജീവിതത്തിൽ നിങ്ങൾ വളരുന്നുോ? പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ മാറ്റുന്നുോ? നിങ്ങൾ എപ്പോഴെങ്കിലും രാത്രി മുഴുവൻ പ്രാർത്ഥിച്ചിട്ടുോ? ദൈവം ഇന്നുള്ളതുപോലെ തന്നെയായിരിക്കും നാളെയും. അവനു നമ്മോടുള്ള സ്നേഹവും മാറ്റമില്ലാതിരിക്കും. എല്ലാ ക്രിസ്ത്യാനികളുടേയും പ്രാർത്ഥന ദൈവം കേട്ട് മറുപടി നല്കും. പ്രാർത്ഥനക്കു മറുപടി കിട്ടാത്തതല്ല ഇന്നത്തെ പ്രശ്നം; പ്രാർത്ഥിക്കുന്നില്ല എന്നതാണ് പ്രശ്നം. "നിങ്ങൾ യാചിക്കാത്തതുകൊത്രേ ലഭിക്കാതിരിക്കുന്നത്" (യാക്കൊബ് 4:2). നാം ചോദിക്കുന്നതിലധികം തരുവാൻ മനസുള്ളവനാണ് ദൈവം.

### ധ്യാനം

ആൾകൂട്ടത്തിലും, ശബ്ദത്തിലും, വേഗതയിലുമാണ് നമ്മുടെ ലോകത്തിനു താല്പര്യം. നാം ഏർപ്പെട്ടിരിക്കുന്നതു വളരെ "തിരക്കിലാണ്." ആ "ഓട്ടത്തിൽ" തീർച്ചയായും ആഴത്തിലുള്ള ആത്മിയത കൈവരിക്കാവുന്നതല്ല. സഭയിൽ പോലും - ധ്യാനം ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇന്നു ബിസിനസ്സിൽ പോലും - ധ്യാനം പിന്നിലാണ്. ലക്ഷ്യപ്രാപ്തിക്കുവേി ഒരു പുതിയ കമ്പമായി മാത്രം, ഉദ്യോഗസ്ഥന്മാർ ധ്യാനത്തെ കാണുന്നു എന്നതു നമ്മെ ചിരിപ്പിച്ചേക്കാം. ശരീരത്തിനു വ്യായാമം എങ്ങനെയാണോ അങ്ങനെയാണ് മനസിനു ധ്യാനം. എങ്ങനെയായാലും, ഇത്തരത്തിലുള്ള ധ്യാനം, മനസിനും ശരീരത്തിനുമാണ് ആശ്വാസം പകരുന്നത് - അല്ലാതെ ആത്മാവിന്റെ സ്വാഭാവത്തിനല്ല. പ്രാച്യമായ തെറ്റിദ്ധാരണയിൽ നിന്നാണ് അതുായത്.

പ്രാച്യമായ ധ്യാനം മനസിനെ ശൂന്യമാക്കുന്നതിനുള്ള ശ്രമമാണ്, എന്നാൽ ക്രിസ്തീയധ്യാനം മനസിനെ ശൂന്യമാക്കുന്നതു അതിനെ നിറെക്കുവാനാണ്. പ്രാച്യമായ അന്ധവിശ്വാസം ലോകത്തിൽനിന്നുള്ള വേർപാട് ഉദ്ദേശിച്ചുള്ളതാകുമ്പോൾ, ക്രിസ്തീയ വിശ്വാസം പ്രോൽസാഹിപ്പിക്കുന്നതു ലോകവുമായി ചേർന്നുപോകുന്നതിനാണ്. ജീവിതത്തിൽ ദൃഢമായി വേരൂന്നിയതല്ലെങ്കിൽ

ധ്യാനം വിലയില്ലാത്തതും യാഥാർത്ഥ്യമല്ലാത്തതുമാകും. ധ്യാനത്തിന്റെ ഒരു പര്യായമാണ് "പരിചിന്തനം." നാട്ടുമ്പുറത്തുകാർ ഇതിനെ "ഒരു പശു അയവിറക്കുന്നു" എന്ന രീതിയിൽ പറയുന്നു. ഗവേഷണത്തിലൂടെ വസ്തുതകൾ ശേഖരിക്കുന്നു, അവയെ ധ്യാനം "അയവിറക്കുന്നു." അതിനെ കുറിച്ചു തെറ്റിദ്ധാരണ ഒന്നുമില്ല. ധ്യാനം മാർഗ്ഗമാണ്, അല്ലാതെ ഒന്നിന്റെയും അവസാനമല്ല. ധ്യാനം അതിൽതന്നെ നിഷ്പ്പക്ഷമാണ്. വസ്തുവിൽ, അതായത് അതിൽ ഉൾക്കൊരിരിക്കുന്നതിലാണ് പ്രയോജനം ഉാകുന്നത്. ദാവീദ് ദൈവത്തിന്റെ ന്യായപ്രമാണത്തിൽ ധ്യാനിച്ചു (സങ്കീർത്തനങ്ങൾ 1:2; 119:97). ധ്യാനം ദൈവത്തിലും അവന്റെ വചനത്തിലും ആയിരിക്കണം.

ഇടയ്ക്കിടെയുള്ള ബൈബിൾ പഠനം പോലെ അല്ല ധ്യാനം. പ്രാചൃമായ ഒരു അന്ധവിശ്വാസമായിരുന്നില്ല യേശു. അവന്റെ ധ്യാനത്തെ കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. പത്രൊസും, യാക്കൊബും, യോഹന്നാനും അതു പ്രത്യേകിച്ചു പഠിപ്പിച്ചിട്ടില്ല. പൗലൊസ് പറഞ്ഞു, "ഇതിൽ തന്നെ ഇരുന്നുകൊൾക" (1 തിമൊഥെയൊസ് 4:15); "ഒടുവിൽ, സഹോദരന്മാരേ, സത്യമായതു ഒക്കെയും, ഘനമായതു ഒക്കെയും, നീതിയായതു ഒക്കെയും, നിർമ്മലമായതു ഒക്കെയും, രമ്യമായതു ഒക്കെയും, സൽകീർത്തിയായതു ഒക്കെയും, ... അതു ഒക്കെയും ചിന്തിച്ചു [ധ്യാനിച്ചു] കൊൾവിൻ" (ഫിലിപ്പിയർ 4:8).

ദൈവസാന്നിധ്യത്തിൽ വിശ്രമിക്കുക. അതിൽ ഉറച്ചുനിൽക്കുക. അന്വേഷിക്കുക. ചിന്തിക്കുക. ആഴത്തിൽ കുഴിക്കുക. പരിശ്രമിക്കുന്നവർക്ക് ദൈവം തന്റെ ഹിതം വെളിപ്പെടുത്തും (യോഹന്നാൻ 7:17). ധ്യാനത്താൽ ആണ് നിങ്ങൾ ധ്യാനിക്കുവാൻ ശീലിക്കുന്നത്. ഒരു നിമിഷത്തെ വൈകാരിക അനുഭൂതിയല്ല യഹോവാ ഭക്തി, അതു ഒരായുഷ്കാലം മുഴുവനും ശീലിച്ചതായ പെരുമാറ്റമാണ്.

***വന്ന്, എന്നോടുകൂടെ നടക്കുക.***

---

കുറിപ്പുകൾ

[1]ക്രിസ്റ്റിനാ ജി. റോസെറ്റി, "മൈ ഗിഫ്റ്റ്," ഇൻ *മാസ്റ്റർപീസസ് ഓഫ് റിലിജിയസ് വെഴ്സ്*, എഡി. ജെയിംസ് ഡാൽറ്റൺ മോറിസോൺ (ന്യുയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ് പബ്ളിഷേഴ്സ്, 1948), 154. [2]റിച്ചാർഡ് ഓഫ് ചിചെസ്റ്റർ, "ഡേ ബൈ ഡേ," *ദ ഹിമ്നൽ ഓഫ് ദ പ്രൊട്ടസ്റ്റന്റ് എപിസ്കോപൽ ചർച്ച് ഇൻ ദ യുണൈറ്റഡ് സ്റ്റെയിറ്റ്സ് ഓഫ് അമേരിക്ക* (ന്യൂയോർക്ക്: ദ ചർച്ച് പെൻഷൻ ഫ്, 1940).